**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **01-04-2013-ലെ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നമ്പർ. 2507.**

**തൊഴിൽ നിയമലംഘനം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിലുടമകൾ തൊഴിൽ നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തൊഴിൽ നിയമം ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) സ്ഥാപന ഉടമകൾ തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നതായി പരാതി ലഭിച്ചാലോ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടാലോ നിയമലംഘനത്തിന് ക്ലെയിം പെറ്റീഷനും പ്രോസിക്യൂഷനും ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) തൊഴിൽ വിഹിതം അടയ്ക്കാത്ത തൊഴിലുടമയ്ക്ക് എതിരെ നടപടി സ്വീകരിക്കുന്നതിനും അർഹരായ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | (സി) തൊഴിൽ വിഹിതം തൊഴിൽ വകുപ്പിൽ അടയ്ക്കേണ്ടതില്ല. എന്നാൽ ഇ.എസ്ഐ, പി.എഫ് എന്നീ നിയമങ്ങൾ പ്രകാരമുള്ള തൊഴിലാളി-തൊഴിലുടമാ വിഹിതം അതത് വകുപ്പിന്റെ അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്. ടി വകുപ്പുകൾ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ളതും പ്രത്യേകം എൻഫോഴ്സ്മെന്റ് വിഭാഗം ഉള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**